കുറ്റ്യാടി പദ്ധതിയുടെ ഇറിഗേഷൻ ഓഫീസ് പേരാംപ്രയിൽ നിലനിർത്താൻ നടപടി

28 (1179) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാംപ്ര നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പദ്ധതിയുടെ ഇറിഗേഷൻ ഓഫീസ് പേരാംപ്രയിൽ നിലനിർത്തണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കേരള എൻ.ജി.ഒ. യൂണിയൻ പേരാംപ്ര ബ്രാഞ്ച് സെക്രട്ടറിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പേരാംപ്ര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ച് വരുന്ന കുറ്റ്യാടി ഇറിഗേഷൻ ഡിവിഷൻ ഓഫീസ് അവിടെ നിന്നും മാറ്റുന്നതിനുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല എന്ന വിവരം പ്രസ്തുത നിവേദനത്തിന് 5-01-2001-ൽ നല്കിയിട്ടുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മഞ്ചേശ്വരം മണ്ഡലത്തിൽ ചെക്ക് ഡാം സ്ഥാപിക്കുന്നതിനുള്ള നടപടി

29 (1180) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാൻ കുമ്പള, ശിരിയ, ഉപ്പള, സംഗര, മഞ്ചേശ്വരം പുഴകളിൽ ചെക്ക് ഡാം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തു നടപടികൾ ഇതുവരെയായി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രം, കുമ്പള, ശിരിയ, ഉപ്പള, സംഗര, മഞ്ചേശ്വരം പുഴകളിൽ ചെക്ക് ഡാം സ്ഥാപിക്കുന്നതിനുള്ള സ്ഥല പരിശോധന കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ കഴിയുന്ന മുറയ്ക്ക് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറായി ചെക്ക് ഡാം കമ്മറ്റിക്ക് നല്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

കിണറും ടാങ്കും പണിയാൻ സൗജന്യമായി സ്ഥലം വേണമെന്ന നിവേദനം

30 (1181)ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly